സർക്കാരിന്റെ മദ്യനയത്തിന്റെ വിശദാംശങ്ങൾ

37 [3899] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ മദ്യനയത്തിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സർക്കാരിന്റെ മദ്യനയത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) 2005-2006-ലെ മദ്യനയം 18-3-2005-ൽ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതനുസരിച്ച് കള്ള് ഷാപ്പുകളുടെ ലൈസൻസ് ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ട്. ഒരു ലക്ഷമോ അതിൽ കൂടുതലോ വാടക നിശ്ചയിച്ചിട്ടുള്ളതും 20 തൊഴിലാളികളിൽ കൂടുതൽ ഉള്ളതുമായ ഷാപ്പുകളുടെ ലൈസൻസ് ഫീസ് 15%-വും ബാക്കിയുള്ളവയുടേത് 25%-വും വർദ്ധിപ്പിച്ചിട്ടുണ്ട്. ബാർ ലൈസൻസുകൾ നിശ്ചിത ഫീസ് ഈടാക്കി കൈമാറ്റം ചെയ്യുന്നതിന് നിയമം പുനഃസ്ഥാപിച്ചിട്ടുണ്ട്. കെ.റ്റി.ഡി.സി.-യുടെ ഉടമസ്ഥതയിലുള്ള മസ്ക്കറ്റ് ഹോട്ടലിൽ മൈക്രോ ബ്രൂവറി പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. 2005-2006-ലെ മദ്യനയത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.†

പത്തനംതിട്ട ജില്ലയിൽ എക്സൈസ് ഗാർഡുമാരെ നിയമിക്കാൻ നടപടി

38 [3900] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എക്സൈസ് റേഞ്ച് ഓഫീസുകളിൽ ഓരോന്നിലും ഉള്ള എക്സൈസ് ഗാർഡുമാരുടെ എണ്ണം എത്രവീതമെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ;

(ബി) പത്തനംതിട്ട ജില്ലയിലെ ഓരോ എക്സൈസ് റേഞ്ചിലുമുള്ള ഗാർഡുമാരുടെ എണ്ണം എത്രവീതമെന്ന് റേഞ്ച് തിരിച്ച് വ്യക്തമാക്കാമോ;

(സി) എന്തുകൊണ്ടാണ് ഇവിടുത്തെ ഗാർഡുമാരുടെ എണ്ണം കൂറയാനിട വന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഓരോ എക്സൈസ് റേഞ്ച് ഓഫീസിലും 15-നും 20-നും മധ്യേ എക്സൈസ് ഗാർഡുമാരുടെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. എല്ലാ എക്സൈസ് റേഞ്ചുകളിലും ഒരേ ക്രമത്തിലല്ല തസ്തിക അനുവദിച്ചിട്ടുള്ളത്.

(ബി) ഗാർഡുമാരുടെ എണ്ണം റേഞ്ച് തിരിച്ച്

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അടൂർ	16
പത്തനംതിട്ട	16
മല്ലപ്പള്ളി	16
റാന്നി	18
തിരുവല്ല	16
കോന്നി	18

(സി) മറ്റ് എക്സൈസ് റേഞ്ച് ഓഫീസുകളുമായി താരതമ്യപ്പെടുത്തുമ്പോൾ എണ്ണം കുറവല്ല.

എക്സൈസ് വകുപ്പ് മുഖേനയുള്ള വരുമാനം

39 [3901] *ശ്രീ. എ. സുജനപാൽ:*
ശ്രീമതി ശോഭനാ ജോർജ്ജ്:
ശ്രീ. വി. ജെ. പൗലോസ്:
,, *എം. കെ. പോൾസൺ മാസ്റ്റർ:*
,, *പി. ടി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഇതുവരെ എക്സൈസ് വകുപ്പ് മുഖേന സംസ്ഥാനത്തിനു ണ്ടായിട്ടുള്ള വരുമാനം എത്രയാണ്;

(ബി) പ്രസ്തുത വകുപ്പ് മുഖേന ലഭിക്കാനുള്ള തുകയിൽ ഇതുവരെ ഈ വർഷം എത്ര കുടിശ്ശികയുണ്ടായിട്ടുണ്ട്;

(സി) ഈ വർഷം ബിവറേജസ് കോർപ്പറേഷന് എന്ത് ലാഭമുണ്ടാകുമെന്ന് കരുതുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷത്തിൽ (2004-05) 2005 ഫെബ്രുവരി 28-ാം തീയതി വരെ എക്സൈസ് വകുപ്പുവഴി 555.43 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

(ബി) കുടിശ്ശികയുണ്ടായിട്ടില്ല.

(സി) ഈ വർഷം ബിവറേജസ് കോർപ്പറേഷന് ഏകദേശം 8.15 കോടി രൂപ യുടെ ലാഭമുണ്ടാകുമെന്ന് കരുതുന്നു.

സർക്കാരിന്റെ 2005-2006-ലെ മദ്യനയം

40 [3902] *ശ്രീ. ടി. എം. ജേക്കബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ 2005-2006-ലെ മദ്യനയം പ്രഖ്യാപിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly